**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 626** **28-06-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി വ്യവസായത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി വ്യവസായത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉല്പാദന രീതികളുടെ നവീകരണവും ഉല്പാദനവൈവിധ്യവും ഉറപ്പ് വരുത്തുന്നതിനായി ആധുനികവത്ക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിച്ചുവരുന്നു.<br><br>1)വർക്ക്ഷെഡ് നവീകരണം<br><br>2)വ്യക്തിഗത വർക്ക്ഷെഡ് നവീകരണം<br><br>3)ഡൈ ഹൗസ് റിപ്പയറിംഗ്<br><br>4)ഒരു വീട്ടിൽ ഒരു തറി പദ്ധതി<br><br>5)ടെക്നോളജി അപ്ഗ്രഡേഷൻ<br><br>6)തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ /റിപ്പയറിംഗ്<br><br>മേൽ പദ്ധതിക്കായി 2021-22 വർഷം 441.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ ഡൈയിംഗ്, പ്രിന്റിംഗ്, ഫിനിഷിംഗ് മുതലായവയ്ക്കുള്ള സൗകര്യം സംസ്ഥാനത്തു തന്നെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ അത്യാധുനിക സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഡൈയിംഗ് യൂണിറ്റായി നാട്ടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് ആന്റ് പ്രിന്റിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിലേക്കായി 2021-22 വർഷം 500 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷം സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി 85.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ കൈത്തറി മേഖലയുടെ വികസനത്തിനായി വിവിധ പദ്ധതികളിലൂടെ ചെലവഴിച്ച തുകകളുടെ വിവരണം ചുവടെ ചേർക്കുന്നു. |

| ക്രമ | സ്കീം | ചെലവഴിച്ച |
|---|---|---|

| നമ്പർ | | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം | 84.00 |
| 2 | സർക്കാർ ഓഹരി പങ്കാളിത്തം (ഹാന്റക്സ്) | 150.00 |
| 3 | സർക്കാർ ഓഹരി പങ്കാളിത്തം (ഹാൻവീവ്) | 50.00 |
| 4 | നെയ്ത്തുകാർക്ക് മേൽത്തരം അസംസ്കൃത വസ്തുക്കൾ | 44.50 |
| 5 | ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ | 100.00 |
| 6 | കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി | 2.88 |
| 7 | യുവ വീവ് പദ്ധതി | 45.00 |
| 8 | നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി | 600.00 |
| 9 | അംശദാന മിതവ്യയ ഫണ്ട് | 249.92 |
| 10 | കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 0.15 |
| 11 | വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി | 109.85 |
| 12 | പരിശീലന വൈദഗ്ദ്ധ്യ വികസന പരിപാടി | 121.07 |
| 13 | ഹാന്റക്സ് പുനരുദ്ധാരണം | 1300.00 |
| | **ആകെ** | **2857.37** |

കൈത്തറി വ്യവസായത്തിനായി 2022-23 വർഷത്തെ ബഡ്ജറ്റിൽ 3352 ലക്ഷം രൂപ പ്ലാൻ ഫണ്ട് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള പ്രൊഫഷണൽ ഡിസൈനർമാർ വിവിധങ്ങളായ ഡിസൈനുകളിലും വ്യത്യസ്ത ശ്രേണിയിലുംപെട്ട തുണിത്തരങ്ങൾ ഉല്പാദിപ്പിക്കുന്ന പ്രവർത്തിയിൽ ഏർപ്പെടുന്നു.ഓർഗാനിക് കോട്ടൺ പദ്ധതി പ്രകാരം ഓർഗാനിക് നൂൽ, ഓർഗാനിക് ചായം എന്നിവ ഉപയോഗിച്ച് കൈത്തറിയിൽ വസ്തുങ്ങളുടെ ഉത്പാദനം നടത്തുന്നതിന് നെയ്ത്തുകാർക്ക് പരിശീലനം നൽകുകയും അതുവഴി

| | | | |
|---|---|---|---|
| | | | കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരികയും ചെയ്യുന്നു.<br><br>ഹാന്റക്സിന്റെ വിപണി മെച്ചപ്പെടുത്തുന്നതിന് വില്പനശാലകളുടെ നവീകരണം പ്രധാനമായി ലക്ഷ്യമിടുന്നു. ഓൺലൈൻ മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് e-commerce platform നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>ഹാൻവീവ്, കമ്പ്യൂട്ടറൈസ്ഡ് ഡിസൈനിംഗ് സ്റ്റുഡിയോയുടെ സഹായത്തോടു കൂടി ആകർഷകമായ ഡിസൈനുകളിലുള്ള ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തി വരുന്നുണ്ട്.<br><br>വ്യവസായ വകുപ്പിന് കീഴിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (IIHT), വീവേഴ്സ് സർവ്വീസ് സെന്റർ(WSC), ഹാൻവീവ്, ഹാന്റക്സ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ് പദ്ധതി. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കൈത്തറി ഉല്പന്നങ്ങളെ ദേശീയ-അന്തർദേശീയ തലത്തിൽ ബ്രാൻഡ് ചെയ്യുക, കൂടുതൽ മെച്ചപ്പെട്ട വിപണി സാധ്യതകൾ കണ്ടെത്തുക,, നൂതന ഡിസൈൻ ആശയങ്ങൾ കൈത്തറിയിൽ കൊണ്ടുവരിക, അതുവഴി കേരള കൈത്തറി മേഖലയെ മൊത്തത്തിൽ പുന:രുജ്ജീവിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം. കേരള കൈത്തറിയ്ക്ക് ഒരു സവിശേഷ മുദ്ര (Kerala Handloom Mark), രൂപകൽപ്പന ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ